പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2313 | 18.06.2014-ൽ മറുപടിക്ക്

## നഗര ആരോഗ്യദൗത്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) നഗര ആരോഗ്യദൗത്യം പദ്ധതി നടപ്പിലാക്കുവാൻ 2013-14 -ൽ എത്ര തുകയാണ് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭ്യമായത് ; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ 18.13 കോടി രൂപ യാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഏതെല്ലാം കോർപ്പറേഷനുകളും നഗര സഭകളുമാണ് കഴിഞ്ഞ വർഷം നഗര ആരോഗ്യ ദൗത്യം നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തത് ; | (ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനു കളും ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, നെയ്യാറ്റിൻകര, കണ്ണൂർ, തൊടുപുഴ, പത്തനംതിട്ട, കൽപ്പറ്റ, കാസർഗോഡ് എന്നീ നഗരസഭകളുമാണ് തെരഞ്ഞെടുത്തത്. |
| (സി) നഗര ആരോഗ്യദൗത്യം മുഖേന ആരോഗ്യ രംഗത്ത് എന്തെല്ലാം പദ്ധതി കളാണ് 2013-2014 -ൽ നടപ്പിലാക്കി യത് ; | (സി) * 15 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളി ലായി 54 നഗര പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിക്കാനുള്ള നടപടി കൾ തുടങ്ങി കഴിഞ്ഞു.<br>* പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്ത നങ്ങൾക്ക് ആവശ്യമായ ഡോക്ടർമാർ, നേഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻമാർ എന്നിവരെ നിയമിച്ചു വരുന്നു.<br>* പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ഔട്ട് പേഷ്യന്റ് ചികിത്സ, പ്രതിരോധ കുത്തി വയ്പ് മറ്റ് ദേശീയ ആരോഗ്യ പരിപാ ടികൾ എന്നിവയുടെ സേവനങ്ങളും ലഭ്യമാക്കി വരുന്നു. |
| (ഡി) 2014-2015 -ൽ നഗര ആരോഗ്യദൗത്യം ഏതെല്ലാം കോർപ്പറേഷനുകളിലും നഗര സഭകളിലുമാണ് നടപ്പിലാക്കുന്നത് ; | (ഡി) 2014-15 സാമ്പത്തിക വർഷത്തിൽ നെടുമ ങ്ങാട്, കരുനാഗപ്പള്ളി, കായംകുളം, ചങ്ങനാ ശ്ശേരി, കൊടുങ്ങല്ലൂർ, ചാലക്കുടി, ഷൊർണ്ണൂർ, ഒറ്റപ്പാലം, കൊയിലാണ്ടി, വടകര, മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കോട്ട യ്ക്കൽ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാഞ്ഞങ്ങാട്, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര എന്നിവിടങ്ങളിലാണ് നടപ്പിലാ ക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

(.....2)

| | | | |
|---|---|---|---|
| (ഇ) | ഇതിനായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; | (ഇ) | ഉണ്ട്. അമ്പതിനായിരം ജനസംഖ്യ ഉള്ള നഗരപ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. മേൽ പറഞ്ഞ 22 സ്ഥലങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും പദ്ധതിയുടെ സേവനം ലഭ്യമാകുന്നതാണ്. |
| (എഫ്) | കണ്ണൂർ ജില്ലയിലെ ഏതെല്ലാം നഗരസഭകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ? | (എഫ്) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ